**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** | **08-08-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ വിതരണ രംഗത്ത് മാസങ്ങളായി തുടരുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | റേഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രതിസന്ധികൾ ഉണ്ടായിട്ടില്ല. സെർവറുകളിൽ ഉണ്ടാകുന്ന സാങ്കേതികപ്രശ്നം കാരണം കഴിഞ്ഞ മാസങ്ങളിലെ ചില ദിവസങ്ങളിൽ റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിട്ടിരുന്നു.<br><br>ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി(AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി(ASA), UIDAI(ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ. നിലവിൽ ഈ പ്രവർത്തനം സുഗമമായി നടന്നുവരുന്നു. കഴിഞ്ഞ മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ AAY വിഭാഗത്തിൽപ്പെട്ട 97% കാർഡുടമകളും PHH വിഭാഗത്തിൽപ്പെട്ട 95% കാർഡുടമകളും റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ടി മാസങ്ങളിൽ സംസ്ഥാനത്തെ ആകെ കാർഡുടമകളുടെ 83% - പേരും റേഷൻ കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | സെർവർ, ഇ-പോസ് മെഷീൻ തകരാറുകൾ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഓതന്റിക്കേഷൻ യൂസർ ഏജൻസി(AUA)യുടെ സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻവിതരണം മുടങ്ങാതിരിക്കുന്നതി നായി എൻ.ഐ.സിയുടെ AUA |

| | | | |
|---|---|---|---|
| | | | സെർവറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി-യുമായും UIDAI-മായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി(ASA), UIDAI(ആധാർ സെർവർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളതല്ലാത്തതിനാൽ പ്രസ്തുത സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>റേഷൻവിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 mbps-ൽ നിന്നും 50 mbps ലേക്ക് ഉയർത്തിയിട്ടുണ്ട്. വകുപ്പ് സെർവർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ തലങ്ങളിലെ വ്യക്തികളെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യ ദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും വിശകലനം ചെയ്ത് വരുന്നു.<br><br>ബയോമെടിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നു.<br><br>റേഷൻവിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ നാളിതുവരെ ഉണ്ടായിട്ടില്ല. |
| (സി) | കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ തടഞ്ഞുവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക തുക കൊടുത്ത് തീർക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കോവിഡ് കാലത്തെ കിറ്റ് വിതരണത്തിന് റേഷൻവ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നതിനാൽ വിധിയാകുന്നതുവരെ നടപടി സ്വീകരിച്ചിരുന്നില്ല. നിലവിൽ ബഹു. കോടതി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതിനാൽ കോടതി വിധിക്കനുസരിച്ച് നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | റേഷൻ വ്യാപാരികളുടെ ക്ഷേമ പെൻഷൻ തുക | (ഡി) | റേഷൻവ്യാപാരികളുടെ ക്ഷേമ പെൻഷൻ |

| | | | |
|---|---|---|---|
| | അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിൽ മുടക്കം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; മറ്റ് ക്ഷേമ പെൻഷൻ ഫണ്ടുകളിൽ നൽകുന്നതുപോലെ സർക്കാർ വിഹിതം ഈ ഫണ്ടിലും നൽകാൻ നടപടി സ്വീകരിക്കുമോ? | | വിതരണത്തിൽ മുടക്കം വന്നിട്ടില്ല. റേഷൻവ്യാപാരി ക്ഷേമനിധിയിൽ നിന്ന് ത്രൈമാസികമായാണ് പെൻഷൻ അനുവദിച്ചു വരുന്നത്. 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ഗഡു, ജൂലൈ മാസത്തിൽ അനുവദിച്ചിട്ടുണ്ട്.<br><br>എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങളായ അംശാദായം തിരികെ നൽകൽ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, പുതുതായി പെൻഷനാകുന്നവർക്കുള്ള പെൻഷൻ എന്നിവ അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. മറ്റ് ക്ഷേമ പെൻഷൻ ഫണ്ടുകളിൽ നൽകുന്നതുപോലെ സർക്കാർ വിഹിതം റേഷൻവ്യാപാരി ക്ഷേമനിധി ഫണ്ടിലും നൽകുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ